# മരിയൻ ദൂത്

**St.Mary's Knanaya Catholic Parish, Mortongrove**



Vol XIV - Issue 025 August 11, 2024 | www.smkcparish.us | (847) 583 2910 | skmudakodi@gmail.com | 7800 Lyons st, Mortongrove, IL-60053




## ഈ വർഷത്തെ തിരുനാൾ പ്രസുദേന്തിമാരായ സെന്റ് ജൂഡ് കൂടാരയോഗം

ക്നാനായ സമുദായത്തിന്റെ നോർത്ത് അമേരിക്കയിലെ സഭാപരമായ വളർച്ചയുടെ നാഴികക്കല്ലായി 2010 ൽ സ്ഥാപിതമായ ചിക്കാഗോയിലെ രണ്ടാമത്തെ ക്നാനായ കത്തോലിക്കാ ദൈവാലയമായ മോർട്ടൻഗ്രോവിലെ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദൈവാലയത്തിലെ പതിനാലാമത് ദര്ശനത്തിരുനാൾ ആഗതമായിരിക്കുകയാണ്. എൺപതുകളിൽ ആരംഭിച്ച ചിക്കാഗോയിലെ സഭാ കൂട്ടായ്മ, ദൈവാലയങ്ങൾ സ്ഥാപിതമായതോടെ കൂടുതൽ വിശ്വാസദൃഢതയിലും സാമുദായിക കൂട്ടായ്മായിലും വളര്ന്നുവരുന്നു എന്നത് ലോകമെമ്പാടുമുള്ള ക്നാനായ സമുദായാംഗങ്ങളെ സംബന്ധിച്ചിടത്തോളം ഏറെ അഭിമാനം പകരുന്ന കാര്യമാണ്. രണ്ടാം തലമുറയിലെയും മൂന്നാം തലമുറയിലെയും ക്നാനായ മക്കൾ ചിക്കാഗോ സെന്റ് മേരീസ് ഇടവകയിലെ സജീവ സാന്നിധ്യമായി മുന്നേറുന്നു എന്ന യാഥാർഥ്യത്തെ, 14 വർഷങ്ങൾക്ക് മുൻപായി ഈ ഇടവക സ്ഥാപിച്ചപ്പോൾ, അന്നത്തെ സഭാ - അല്മായ നേതൃത്വത്തിന്റെ ദീര്ഘവീക്ഷണത്തിന് ദൈവം നൽകിയ അനുഗ്രഹമായി കാണുവാൻ ആഗ്രഹിക്കുകയാണ്. ഇന്ന് ഈ ഇടവകയോട് ചേർന്ന് കഴിഞ്ഞ 14വര്ഷങ്ങളായി പ്രവർത്തിച്ചുവരുന്ന വിസിറ്റേഷൻ കോൺവെന്റ് ഈ ഇടവകയുടെ വളർച്ചയുടെ പാതയിലെ നാഴികക്കല്ലാണ്. കത്തോലിക്കാ വിശ്വാസത്തിലും ക്നാനായ സമുദായ കൂട്ടായ്മയിലും വളരുന്ന ഒരു സമൂഹമായി ചിക്കാഗോയിലെ പരിശുദ്ധ ദൈവമാതാവിന്റെ ഇടവക സമൂഹം മാറിയിരിക്കുന്നു. അഞ്ചൂറോളം വരുന്ന മതബോധന സ്കൂളും, ഇംഗ്ലീഷിലും മലയാളത്തിലുമുള്ള തിരുക്കർമ്മങ്ങളിൽ സ്ഥിരമായി പങ്കുചേരുന്ന ആയിരക്കണക്കിന് ഇടവക ജനങ്ങളും,വിവിധ മിനിസ്ട്രികളും കൂടാര യോഗങ്ങളും ഇടവകയെ സജീവമാക്കുന്നു. കോട്ടയം അതിരൂപതയിലെ വിവിധ ഇടവകകളിലും , നാനാജാതി മതസ്ഥരുടെ ഇടയിലും നിരവധി കാരുണ്യ പ്രവർത്തനങ്ങളിൽ സജീവപങ്കാളിത്തം വഹിക്കുന്ന ഈ ഇടവക സമൂഹം മലമേൽ പണിതുയർക്കപെട്ട ഗോപുരം പോലെ ഇന്ന് ക്നാനായ സമൂഹത്തിന് മാതൃകയാണ്.

മറ്റൊരു തിരുനാൾ കൂടി ആഗതമായിരിക്കുന്ന ഈ അവസരത്തിൽ, നാളിതുവരെയും ദീർഘവീക്ഷണത്തോടെ ഇടവകയെ നയിച്ച മുൻ വികാരിമാരായിരുന്ന റവ. ഫാ. എബ്രഹാം മുത്തോലത്ത്, റവ. ഫാ. തോമസ് മുളവനാൽ, അസി. വികാരിമാർ, കൈക്കാരൻമാർ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നതിനോടൊപ്പം വിശ്വാസ തീക്ഷ്ണതയിലും സമുദായ സ്നേഹത്തിലും വളരുന്ന ഒരു സമൂഹത്തെ കെട്ടിപ്പടുക്കുവാൻ ശക്തമായ പിന്തുണയും പ്രചോദനവും നൽകികൊണ്ടിരിക്കുന്ന കോട്ടയം അതിരൂപതയുടെയും ചിക്കാഗോ സീറോ മലബാർ രൂപതയുടെയും അഭി. പിതാക്കന്മാരെയും നന്ദിയോടെ ഓർക്കുന്നു. പരിശുദ്ധ പിതാവിന്റെ നുൺഷ്യോയായി മെത്രാപ്പോലീത്താസ്ഥാനം ഏറ്റെടുത്തതിന് ശേഷം അഭി. കുര്യൻ വയലുങ്കൽ പിതാവ് ആദ്യമായി ചിക്കാഗോയിലേക്ക് പരിശുദ്ധ ദൈവമാതാവിന്റെ ദര്ശനത്തിരുനാളിൽ മുഖ്യകാർമ്മികനായി എത്തുന്നു എന്നത് ഈ ഇടവക ജനത്തെ സംബന്ധിച്ചിടത്തോളം ഏറെ സന്തോഷം പകരുന്ന കാര്യമാണ്. പ്രസുദേന്തിമാരായ സെന്റ് ജൂഡ് കൂടാരയോഗ അംഗങ്ങളോടൊപ്പം കൈക്കാരൻമാരും , പാരിഷ് കൗൺസിലും, കൂടാര യോഗങ്ങളും വിവിധ തിരുനാൾ കമ്മറ്റികളും, തിരുനാളിന്റെ വിജയത്തിനായി പ്രവർത്തിച്ച വരുന്നു.

# Church Schedule

### HOLY Qurbana in MALAYALAM

Sunday 8.:00 AM, 10: 00 AM & 5.30 PM
Monday - Friday 8:15 AM
Monday-Thursday 7:00PM
Saturday - 10:00AM

### HOLY QURBANA IN ENGLISH

Sunday -4.00 PM

### NOVENA (AFTER HOLY QURBANA)

Tuesday: St. Anthony
Friday - 6:00 PM
Saturday: Our Lady of Perpectual Help
1st Wednesday: St. Michael
Thursday: St.Jude

### CONFESSION

Everyday before Holy Qurbana

### RELIGIOUS EDUCATION

Sunday: 10:00AM

### ADORATION CHAPEL

9:00AM - 9:00 PM




## Liturgical Bible Readings

**Sixth Sunday of Kaitha**

**Jn 6:16-24**

**Christ protects the Church, the Ship.**

**Rev 21:9-14**

**The Church that is the heavenly Jerusalem.**

**Song 6:1-4**

**God and Israel, the bride.**

**Gen 8:1-11**

**Ark of Noah, the image of the Church.**

**Readers for Malayam Mass at 10.00am**

St. Jude Koodarayogam

## CONTACT INFORMATION

Fr. Siju Mudakodil (Vicar): (210)630 2295
Sr. Silvarius S.V.M (Parish Secratry): (224)432 3217
Sabu Kattapuram(Trustee Cordinator): (847) 791 1452
Binu Poothurayil (Trustee): (847)644 9869
Lukose Poozhikunnel (Trustee) : (708)917 9989
George Mattathilparambil (Trustee): (847)606 1642
Nibin Vettikkattil (Youth Trustee): (773)934 3535
James Mannakulathil (Accountant): (312)622 3326
Sunny Meledam (Secratary): (773)550 1995
Anil Mattathikunnel (P.R.O): (773)280 3632
Saji Poothrukayil (DRE): (847) 293 9409
Maneesh Kaimoolayil (Asst. DRE): (773)550 6328
Peter Kulangara(Funeral Cordinator): (847)951 4476
Visitation Convent: (847) 603 8881

## MARK YOUR CALENDER

Aug 11- 18 : Main Feast of the Parish.
Aug 21: Feast of St. Pius X
Aug 28: Feast of St. Augustine
September 08: Feast of the Nativity of Our Lady
September 08: CCD begins
September 15: Feast of Our Lady of Sorrows
September 21: Feast of St. Mathew
September 27: Feast of St. Vincent de Paul
October 01: 10 days of Rosary begins (Evening)
October 04: St. Francis of Assisi
October 11: 10 days of Rosary begins (Morning)
October 18: Feast of St. Luke




Men's Ministry is organizing a two day program to visit Branson, Missouri to watch the show "Miracle of Christmas". The Bus will leave early morning on November 7th, 2024 and is expected to be back in the evening of November 8th, 2024. If anyone intersted in joining, please contact Polson Kulangara (847) 207-1274 or Siby Kaithakkathottiyil (773) 620-1202



Summer Camp Inauguration by Mar James Thoppil















